"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം - പുല്ലൂറ്റ് കെ.കെ.ടി.എം. ഗവ.കോളേജിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സേവനമനുഷ്ഠിക്കവെ മരണപ്പെട്ട ബിന്ദു.കെ.കെ - യുടെ മകൻ ശ്രീ.അശ്വിൻ കെ.എസ്സ് - ന് ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.254/2020/ഉ.വി.വ തീയതി, തിരുവനന്തപുരം, 13/07/2020

പരാമർശം:- 1 സ.ഉ(പി) നം.12/99/പി&എ.ആർ.ഡി തീയതി 24.05.1999.

2 സ.ഉ(പി) നം.01/ 2018/ഉഭപവ തീയതി 07.01.2018

3 സ.ഉ(കൈ) നം.5/2018/ഉഭപവ തീയതി 21.02.2018

4 ശ്രീ.അശ്വിൻ.കെ.എസ്സ് 19.11.2018 – ൽ സമർപ്പിച്ച അപേക്ഷ.

5 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 14.10.2019 - ലെ സി4/58683/2018/കോ.വി.വ നം.കത്ത്.

6 തൃശ്ശൂർ ജില്ലാ കളക്ടറുടെ 30.05.2020 – ലെ നം.എ6-12427/2019 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ പുല്ലൂറ്റ് കെ.കെ.ടി.എം. ഗവ.കോളേജിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സേവനമനുഷ്ഠിക്കവെ 23.01.2015 - ൽ മരണപ്പെട്ട ബിന്ദു.കെ.കെ യുടെ മകൻ ശ്രീ.അശ്വിൻ കെ.എസ്സ് - ന് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിനുള്ള അപേക്ഷ പരാമർശം (5) ലെ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. പരേതയായ ബിന്ദു.കെ.കെ - യുടെ സേവന സാക്ഷ്യപത്ര പ്രകാരം ടിയാളുടെ ജനനത്തീയതി 20.04.1974 – ഉം മരണത്തീയതി 23.01.2015 – ഉം സേവനത്തിൽ പ്രവേശിച്ച തീയതി 25.02.2005 – ഉം ആണ്. പരേതയുടെ സേവനകാലം 07 വർഷം 05 മാസം 09 ദിവസവുമാണ്.

3. പരേതയായ ബിന്ദു.കെ.കെ യുടെ അനന്തരാവകാശികൾ ചുവടെ ചേർക്കുന്നവരാണ്.

| ക്രമ നമ്പർ | പേര് | പരേതയുമായുള്ള ബന്ധം |
|---|---|---|
| 1 | സിദ്ധാർത്ഥൻ | ഭർത്താവ് |
| 2 | അശ്വിൻ | മകൻ |
| 3 | അമൽ സിദ്ധാർത്ഥൻ | മകൻ |
| 4 | സീത | മാതാവ് |
| 5 | കുട്ടപ്പൻ | പിതാവ് |

4. ശ്രീ.അശ്വിൻ.കെ.എസ്സ് - ന് ജോലി നല്കുന്നതിന് സമ്മതമാണെന്ന് കാണിച്ച് അനന്തരാവകാശ സാക്ഷ്യപത്രത്തിലുള്ള അർഹരായ അവകാശികൾ സമ്മതപത്രം നല്കിയിട്ടുണ്ട്. മരണപ്പെട്ട ജീവനക്കാരിയുടെ ആശ്രിതരിൽ മറ്റാരും തന്നെ ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നും, അപേക്ഷകനായ ശ്രീ.അശ്വിൻ.കെ.എസ്സ് അടങ്ങിയ കുടുംബത്തിന്റെ കുടുംബവാർഷിക വരുമാനം 1,80,000/- (ഒരു ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപയാണെന്നും,

അപേക്ഷകന് ആശ്രിത നിയമനത്തിനായി യോഗ്യതയുണ്ടെന്നും ടിയാളുടെ അപേക്ഷ പരിഗണിക്കാവുന്നതാണെന്നും പരാമർശം (6) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

5 .അപേക്ഷകൻ പരാമർശം (3) പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ടിയാൻ കേന്ദ്ര /സംസ്ഥാന സർക്കാർ വകുപ്പുകളിലോ വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളിലോ പൊതുമേഖല സ്ഥാപനങ്ങൾ/ ബാങ്കുകൾ എന്നിവിടങ്ങളിലോ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതും,സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷിക്കുന്നതിന് പരാമർശം (2) പ്രകാരം നിർവ്വചിക്കപ്പെട്ട അർഹതയുള്ള ആശ്രിതൻ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നെന്നും പരാമർശം (6) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നു.

6. ശ്രീ.അശ്വിൻ.കെ.എസ്സ് - ന്റെ ജനനത്തീയതി 08.11.2000 ആണ്. എസ്സ്.എസ്സ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ വിജയിച്ചിട്ടുള്ള അപേക്ഷകന് ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് യോഗ്യതയുണ്ട്.

7. മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ടിയാന്റെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ് മുതലായവയുടെ അസ്സൽ ,സാക്ഷ്യപത്രങ്ങൾ എന്നിവ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ, നിയമനാധികാരി പരിശോധിച്ച് ബോധ്യപ്പെട്ട ശേഷം മാത്രം പരേതയായ ബിന്ദു.കെ.കെ യുടെ മകൻ ശ്രീ.അശ്വിൻ.കെ.എസ്സ് - ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.ടിയാൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി സർക്കാരിനെ നിർബന്ധമായും അറിയിക്കേണ്ടതാണ്.

8. പരേതയായ ബിന്ദു.കെ.കെ - യുടെ സേവനപുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നല്കിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്. ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

9. അപേക്ഷകൻ വസ്തുനിഷ്ഠമായ യാഥാർഥ്യം മറച്ചു വെച്ചതായോ,തെറ്റായ വിവരം ലഭ്യമാക്കിയതായോ അപേക്ഷ സമർപ്പിക്കുന്ന വേളയിലോ ,വകുപ്പ് തല അന്വേഷണം നടത്തുന്ന സമയത്തോ കണ്ടെത്തുകയാണെങ്കിലോ ,അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ തെറ്റ് പറ്റിയെന്ന് പിന്നീട് കണ്ടെത്തുകയാണെങ്കിലോ സമാശ്വാസ പദ്ധതി പ്രകാരം നൽകിയ നിയമനം സർക്കാർ റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരി കുമാർ ജി**

**ജോയിന്റ് സെക്രട്ടറി**

ശ്രീ.അശ്വിൻ.കെ.എസ്സ്, S/o കെ.എൻ.സിദ്ധാർത്ഥൻ, കഞ്ഞുമാക്കൻപുരയ്ക്കൽ വീട്, പി.ഒ.കര, കൊടുങ്ങല്ലൂർ, തൃശ്ശൂർ (മരണ സർട്ടിഫിക്കറ്റ്,അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ സഹിതം) - (By Registered Post with A/D)

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ. തിരുവനന്തപുരം (By Registered Post with A/D)

ജില്ലാ കളക്ടർ, തൃശ്ശൂർ (By Registered Post with A/D)

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം

പൊതുഭരണ (CE Cell) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

നോഡൽ ഓഫീസർ( www.highereducation.kerala.gov.in)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ